


# GOVT. HIGHER SECONDARY SCHOOL
## POONOOR

# Artful Echoes

Little Kites
GHSS Poonoor
E Magazine

# ഗവ. ഹയർ സെക്കന്ററി സ്കൂൾ പൂനൂർ

## മങ്ങാട് പി ഒ, ഉണ്ണികുളം






LITTLE KITES 2021-2024 G H S S POONOOR

# EDITORIAL BOARD

chief editor

salila k p (hM)

editor

eshan ahammed

members

hafi muhammed ameen

hadiey rahman

sheza khadeeja

nilsha

muhammed hanan





അകം പൊള്ളിച്ച്,
അകാലത്തിൽ അനന്തതയിലേക്ക്
മാഞ്ഞുപോയ
പ്രിയ ഹരി സാറിന്
ഒരു പിടി കണ്ണീർ പൂക്കൾ.............





## OUR HEAD MISTRESS

# SALILA K P



# സന്ദേശം



അനുപമ കെ
മാസ്റ്റർ ട്രെയ്നർ
കൈറ്റ് കോഴിക്കോട്

വിദ്യാഭ്യാസരംഗം ഹൈടെക് ആയി മാറിയ ഈ അവസരത്തിൽ പഴയ കൈയെഴുത്തു മാസികകൾക്കും പുതിയ രൂപം കൈവന്നിരിക്കുകയാണ്.

വിവരവിനിമയ സാങ്കേതികവിദ്യയിൽ വിദ്യാർത്ഥികൾക്ക് വൈദഗ്ദ്യം നൽകുന്നതിനായി രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മയുടെ നേതൃത്വത്തിൽ ആധുനികസാങ്കേതികവിദ്യകളുപയോഗിച്ച് ജി എച്ച് എസ്സ് എസ്സ് പൂനൂരിലെ കുട്ടികൾ തയ്യാറാക്കിയ................ എന്ന ഈ മാഗസിൻ കുട്ടികളിലെ സർഗ്ഗാത്മകതക്ക് ഒരു വേദി നൽകുന്നതോടൊപ്പം ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിലുള്ള ശേഷി ഉണ്ടാക്കുക എന്ന ലക്ഷ്യം കൂടി സാക്ഷാത്കരിച്ചിരിക്കുകയാണ്.

ഈ മികച്ച സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ പ്രതിഭകൾക്കും അഭിനന്ദനങ്ങൾ

# ECHOES.....


| | |
|---|---|
| മഞ്ഞേ, നീ എത്ര ധന്യ | 7 |
| കണ്ണീരോർമ്മകൾ | 9 |
| ൻറുപ്പാപ്പാക്കൊരാനണ്ടാർന്ന്..... | 10 |
| Golden Melodies of Joy | 11 |
| ചാറ്റ് ജി പി ടി | 12 |
| ഭൂമിയുടെ അവകാശികൾ | 13 |
| നിശ്ശബ്ദതയുടെ ആഴങ്ങൾ തേടി.... | 15 |
| ഡിജിറ്റൽ യുഗത്തിന്റെ തിരു ശേഷിപ്പ് | 17 |
| A Movie with A I | 18 |
| പാത്തുമ്മയുടെ ആട് | 19 |
| ഖസാക്കിന്റെ ഇതിഹാസത്തിലൂടെ | 21 |
| A I Camera | 22 |
| അഗ്നിച്ചിറകുകൾ | 23 |
| The Main Mission of Open A I | 24 |
| ബാല്യവിന്റെ രചന | 25 |
| കമ്പ്യൂട്ടർ | 26 |
| The Morning was Snowy | 27 |
| Sadness Unvieled | 28 |
| മാറ്റങ്ങൾ | 29 |
| C P U | 30 |
| അവൾ, നിലാവിനെ വരയ്ക്കുന്ന പെൺകുട്ടി | 31 |

# മഞ്ജു, നീ എത്ര ധന്യ? ഞാനും.........

2023 ജൂലൈ 2 രാവിലെ

''എച്ചമ്മ ടീച്ചറാ?'' പിന്നിൽ നിന്നൊരു ചോദ്യം.
തിരിഞ്ഞു നോക്കിയപ്പോൾ ജനലിനടുത്തൊരു രൂപം.
ഇരു നിറത്തിൽ ഒരു പെൺകുട്ടി' മുടിയിൽ പനിനീർ പൂവെച്ച് ഒരു പ്രത്യേക തരം വേഷം ധരിച്ചവൾ .
തെല്ലൊരമ്പരപ്പോടെ ഞാൻ ' ...... ഉം എന്താ ?
എനിക്ക് ഭാഷ മനസ്സിലായില്ലെന്ന് മനസ്സിലായ ഓഫീസ്സ് ജീവനക്കാരി ..അവളെ എനിക്ക് പരിചയപ്പെടുത്തി.
കൂട്ടത്തിൽ ഒരു കണ്ണിറുക്കലും..
നമ്മുടെ ..... മഞ്ജു :
അവൾ ക്ലാസ്സിലേക്ക് .....
കയ്യിൽ ഒന്നുമില്ല. .... മഞ്ജുവിൻ്റെയും കുടുംബത്തിൻ്റെയും ഒരു ഏകദേശ രൂപം എനിക്കവർ തന്നു. ഇത് കേരളത്തിൻ്റെ ഭാഗം തന്നേയോ അതിശയത്തോടെ ഞാൻ പല ദിവസങ്ങളിലും അവളെ സ്നേഹത്തോടെ വശത്താക്കാൻ ശ്രമിച്ചു. സാവകാശം അവളും എൻ്റടുത്തേക്കെത്തി.
കാട്ടു പണ്ടാരങ്ങൾ എന്ന ആദിവാസി വിഭാഗമാണ് മഞ്ജുവിൻ്റെ കുടുംബം. കാടാണവരുടെ വീട്. കാട്ടുമൃഗങ്ങളാണ് അവരുടെ കൂട്ട്. കാട്ടിലെ വിഭവങ്ങളാണ് അവരുടെ ജീവിതത്തെ പച്ചപിടിപ്പിക്കുന്നത്. നിയമങ്ങളൊന്നും അവർക്ക് ബാധകമല്ല . പെൺകുട്ടികളെ 8-10 വയസ്സിൽ വിവാഹം ചെയ്യും, രക്തബന്ധത്തിൽ പെട്ടവർ. അതിന് തടസ്സമില്ല. അടുത്ത കാലം വരെ സ്കൂൾ അവർ കണ്ടില്ലായിരുന്നു. മഞ്ജുവാണ് ആ സമുദായത്തിലെ ഏറ്റവും വിദ്യാസമ്പന്ന! എഴുത്തും വായനയും അവൾക്കും വശമില്ല.
കുറഞ്ഞ ദിവസം കൊണ്ട് അവളുടെ രീതികൾ എനിക്ക് പിടി കിട്ടി. ടീച്ചർ ക്ലാസ്സിൽ വരുമ്പോൾ അവൾ പുറമെ ഇറങ്ങും . ആരും തടയരുത്. അവൾ ചൂടാകും. '
ഏറെ ദിവസം സ്നേഹത്തോടെ അനുനയിപ്പിച്ചപ്പോൾ അൽപ്പ സമയം ഇരിക്കുന്ന നിലയിലായി .
നിലവാരമില്ലെങ്കിലും ഏറെക്കുറെ അടുത്തെത്തുന്ന മറ്റു കുട്ടികളും സ്കൂളിൽ ഉണ്ടായിരുന്നു .
ആഴ്ചയിൽ കൂടി വന്നാൽ മൂന്ന് ദിവസമേ സ്കൂളിൽ വരൂ . എസ്.ടി. കുട്ടികൾക്ക് ഗോത്രസാരഥി പദ്ധതി പ്രകാരം വാഹനമുണ്ട്. മഞ്ജുവിൻ്റെ വീട്ടിൽ നിന്ന് ' അവളെ ഇറക്കാൻ ഇത്തിരി പണിയാണ് ' '
ഇവളെ പത്താം ക്ലാസ്സ് പാസ്സാക്കാൻ എന്താ വഴി? ഒന്ന് രണ്ട് മാസം കഴിയുമ്പോഴേക്കും അതായി ചിന്ത.!
പക്ഷേ എങ്ങനെ? രണ്ടു പരീക്ഷ നടന്നു. അതൊന്നും എഴുതാൻ അവളെ കിട്ടിയില്ല.
വീട്ടിൽ പോയാലോ . അവളുടെ മനസ്സ് മാറ്റാൻ പറ്റുമോ? പി.ടി.എ. യുമായി ആലോചിച്ചു. അവർ പരിഹസിച്ചു, കാരണം അവർക്ക് ആ വിഭാഗത്തെപ്പറ്റി നല്ല ധാരണ ഉണ്ടല്ലോ!
ഒരു ദിവസം സ്കൂൾ സമയത്തിനു ശേഷം ഞങ്ങൾ 4 ടീച്ചർമാർ അവൾക്കേറ്റവും ഇഷ്ടപ്പെട്ട ജിലേബിയും വാങ്ങി കാട്ടിലേക്ക് ! ഓട്ടോ കുറേ ദൂരത്ത് നിർത്തി. ഇനി അങ്ങോട്ട് നടക്കണം . എന്തായാലും ഞങ്ങൾ പരസ്പര സഹായത്തോടെ നടന്നു. കുറേ ദൂരത്തായി ഒരു നീല താർപ്പായ വലിച്ചു കെട്ടിയതായി കണ്ടു . അഴുതാനദി കടന്ന് കുറ്റിക്കയം എന്ന സ്ഥലത്തെത്തി. ശബരിമലയിലേക്ക് സ്വാമിമാർ സഞ്ചരിക്കുന്ന കാനന പാത എന്ന ബോർഡ് കണ്ടു . മഞ്ജുവിൻ്റെ കൂട്ടുകാരിയുടെ സഹായത്തോടെ വീട് കണ്ടെത്തി.
നാല് കാലിന്മേൽ ഒരു താർപ്പായ വലിച്ചു കെട്ടിയിട്ടുണ്ട്. ഒരു മറയും ഇല്ല. കല്ല് വെച്ച് പല വെച്ച കട്ടിലും ബെഞ്ചും. ദൂരെ നിന്നുതന്നെ അവൾ ഞങ്ങൾ വരുന്നതു കണ്ടു. നാണത്തോടെ അവൾ ഞങ്ങളെ സ്വീകരിച്ചു. കയ്യിലുള്ള പൊതി കൊടുക്കുന്നതിനു മുമ്പേ അവൾ വാങ്ങി. കാല് തൊട്ട് വന്ദിച്ചു. അതെ, അവൾ മാത്രമല്ല സ്കൂളിലെ എല്ലാ കുട്ടികളും അങ്ങനെയാണ്. അഡ്മിഷനെടുക്കുമ്പോൾ , പരീക്ഷക്ക് പോകുമ്പോൾ, സ്പോർട്സിന് ഗ്രൗണ്ടിലിറങ്ങുമ്പോൾ ഒക്കെ അധ്യാപകരുടെ കാൽ തൊട്ട് വന്ദിക്കും . ചിലപ്പോൾ 10 മുതൽ രൂപയും വെക്കും. നമ്മൾ തടഞ്ഞാൽ രക്ഷിതാക്കൾക്കടക്കം ദേഷ്യമാണ്.
അങ്ങനെ അവളുടെ കൊട്ടാരത്തിലെത്തി. ഒരു മൂലയിൽ കുറെ തുണി കൂട്ടിയിട്ടിട്ടുണ്ട്. അതിനിടയിൽ ഒരനക്കം. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി ഒരു വൃദ്ധയാണെന്ന് .......
മുത്തശ്ശി
100 വയസ്സെന്ന് അവൾ ! ആർക്കറിയാം... അവളുടെ അമ്മ ഏകദേശം 30...35 വയസ്സു വരും. 6



പ്രസവിച്ചു. നാലാമത്തേതാണ് മഞ്ജു. അനിയത്തി നാലാം ക്ലാസ്സിൽ എവിടേയോ ഹോസ്റ്റലിൽ ' .
അമ്മയുടെ കയ്യിൽ ഒരു സ്മാർട്ട് മൊബൈൽ പിടിച്ചിട്ടുണ്ട്.
അമ്പരപ്പ് മാറി. അമ്മയോട് മോളെ സ്കൂളിൽ വിടണമെന്ന് ഞങ്ങൾ പറഞ്ഞു ' നിങ്ങൾ

കൊണ്ടുപോ. ’ പിന്നെ പറഞ്ഞു അവൾക്ക് കല്യാണം ഉണ്ടെന്ന് ....... ഞങ്ങളുടെ അമ്പരപ്പിനിടയിൽ അവർ എന്തെല്ലാമോ പറഞ്ഞു.
അതിനടുത്തുള്ള ഫോറസ്റ്റ് ഓഫീസ്സിലാണ് മൊബൈൽ ചാർജ്ജ് ചെയ്യാൻ പോകാറ്.
ഈയടുത്തകാലത്തായി പ്രൊമോട്ടർമാർ കാടുകളിൽ വന്ന് ആദിവാസികളുടെ അവകാശങ്ങളെപ്പറ്റി ബോധവൽക്കരിക്കാറുണ്ട്. അതിന് ശേഷം ഇവരോട് ആർക്കും ഒന്നും പറഞ്ഞുകൂടാ. അപ്പോൾ അവർ പറയും ഞങ്ങൾ ഈ നമ്പറിൽ വിളിച്ചു പറയുമെന്ന്. അതിനാൽ ഫോറസ്റ്റ് ഓഫീസ്സർമാർ ഫോൺ ചാർജ്ജ് ചെയ്ത് കൊടുക്കും എന്നല്ലാതെ സ്കൂളിൽ പോകാത്തതിനെ പറ്റി ഒന്നും ചോദിക്കാറില്ല.
ഒരു ദിവസം സ്കൂളിലെ സോബി സാറോട് ”ജോലി ഞാൻ തെറിപ്പിക്കുമെന്ന് മഞ്ജു പറഞ്ഞുവെന്ന് തെല്ലൊരു പേടിയോടെ പറഞ്ഞിരുന്നു. ’

എന്തായാലും ആ സന്ദർശനത്തോടെ മഞ്ജുവിന്റെ മനസ്സ് മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞു. ആ ജിലേബിക്ക് ഇത്ര കഴിവുണ്ടായിരുന്നോ.?
പിന്നീടുള്ള ദിവസങ്ങൾ മഞ്ജുവിന്റെ കൂട്ടത്തിലുള്ള മൂന്ന് കുട്ടികളേയും കൂട്ടി പ്രത്യേക ക്ലാസ്സുകൾ ഏർപ്പെടുത്തി. അക്ഷരങ്ങൾ പഠിപ്പിച്ചെടുത്ത് നിരന്തര പ്രയത്നത്തിലൂടെ മഞ്ജുവും കൂട്ടരും പരീക്ഷ എഴുതി. എന്നും SMC അംഗം അനിൽ ചേട്ടൻ വീട്ടിൽ പോയി കൂട്ടി കൊണ്ടുവരും . പേന പോലും അവൾ കൊണ്ടുവരില്ല. എല്ലാം സ്കൂളിന്റെ ഉത്തരവാദിത്തം. എന്തായാലും മഞ്ജു പരീക്ഷ എഴുതി... ജയിച്ചു. അതിന്റെ നിർണ്ണായക പങ്ക് എനിക്കായതിൽ ഞാൻ ഇന്നും അഭിമാനിക്കുന്നു. അവളുടെ സമുദായത്തിലെ ആദ്യത്തെ SSLC വിജയിയെ ഉണ്ടാക്കിയെടുക്കാൻ നിർണ്ണായക പങ്ക് വഹിക്കാൻ എനിക്ക് കഴിഞ്ഞതിൽ എനിക്കുള്ള അഭിമാനം ഏറെ വലുതാണ് .....നിയോഗം!
ഇന്നലെ സ്കൂളിൽ നിന്ന് വീട്ടിലേക്ക് വരുമ്പോൾ പേരാമ്പ്ര എത്തിയപ്പോൾ ഒരു കോൾ.... നോക്കിയപ്പോൾ മഞ്ജു! വിശേഷങ്ങളൊക്കെ ചോദിച്ചു. അവൾ സ്വന്തമായി ചുരിദാർ തയ്ചത് കൊച്ചുകുട്ടിയുടെ സന്തോഷത്തോടെ അവൾ പറഞ്ഞു. എച്ചമ്മ ടീച്ചർ വരുമ്പോൾ ഒരെണ്ണം തയ്യു തരുമെന്ന് അവൾ,. +1 ൽ കിട്ടിയിട്ടും അവൾ പോയില്ല. കാരണം പഠിക്കാനോ പഠിപ്പിക്കാനോ ആർക്കും താല്പര്യമില്ല. എന്നാലും ഭാവിയിൽ ആ പത്താം ക്ലാസ്സുകാരിക്ക് എന്തെങ്കിലും ജീവിതോപാധി ആ സർട്ടിഫിക്കറ്റുകൊണ്ടുണ്ടാകുമായിരിക്കും ! ഇങ്ങനെ എത്രയെത്ര മഞ്ജുമാർ ഉണ്ടാവാം!,,,,,,,,,



വിജയ മധുരം........

സലില കെ പി
ഹെഡ് മിസ്ട്രസ്സ്



# കണ്ണീരോർമ്മകൾ

**ഐലൻ കുർതി......**
**നീലക്കണ്ണിതാൽ**
**പ്രപഞ്ചത്തെ പ്രണയിച്ചവൻ**
**വെയിൽപ്പക്ഷികൾ**
**ചിറകടിക്കും**
**മഞ്ഞൽത്തുരുത്തിവെളിക്കും**
**കിനാക്കളെണ്ണിയവൻ.**

**അനാഥമാക്കപ്പെട്ട**
**ഭൂമിയുടെ നേരവകാശി**
**അവൻ പിഞ്ചായിരുന്നു ..**
**അമ്മിഞ്ഞ കുടിച്ചാ– കാശത്തെ**
**കിനാകണ്ട കുഞ്ഞിതു – പൈതൽ**



**ഒരു തുണ്ട് റൊട്ടി,യൊരിറ്റു പാൽ**
**ചോര വറ്റും തണുപ്പിനെ**
**ചുതെടുക്കാനൊരു തുണ്ട് വിറക്?**
**അകലെ – യവനെ**
**മാടി വിളിക്കുന്നുവോ,**
**ജീവൻ്റെ പച്ചത്തുരുത്തുകൾ?**
**പ്രണയാകാശം**
**ജീവൻ്റെ പൂത്തിരി**
**കത്തിച്ചുവോ?**

**ഇല്ലില്ലവനൊരു പൈതൽ....**
**ഇന്നിൻ്റെ ചിതയിലെരിഞ്ഞൊടുങ്ങാൻ**
**ആരോ കൊളുത്തിയ**
**പക ചൂടിലരിഞ്ഞൊടുങ്ങാൻ**
**പിറന്നവൻ ...**

**ഓർക്കുന്നുവോ നിങ്ങളവനെ**
**പ്രാണൽ കൺ പൂഴ്ത്തിയ**
**കടലിനു മടിയിൽ**
**വെറുതഞ്ഞു പായങ്ങനെ**
**തണുപ്പിതു ,തണുപ്പായി**
**മുഖം പൂഴ്ത്തിയ**
**പൈതലിനു റക്കം.......**



**ശ്രീജ**

# ന്റുപ്പൂപ്പാക്കൊരാനണ്ടാർന്നു - ആസ്വാദനക്കുറിപ്പ്




വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ നോവലുകളിൽ ഒന്നാണ് ന്റുപ്പൂപ്പാക്കൊരാനണ്ടാർന്നു. ഇതിലെ പ്രധാനപ്പെട്ട കഥാപാത്രമാണ് കുഞ്ഞു പാത്തുമ്മ. കുഞ്ഞു പാത്തുമ്മയുടെ ഭാഗ്യമായി കരുതുന്നത് അവളുടെ ഭംഗിയേറിയ മറുകാണ്. നാട്ടിലെ പ്രമാണിയാണ് പാത്തുമ്മയുടെ ഉപ്പ. എന്തിനും ഏതിനും അവരുടെ അടുത്താണ് ആളുകൾ എത്തുക. ഇതിൽ പാത്തുമ്മ ആരും കാണാതെ സ്നേഹിക്കുന്ന ഒരാളാണ് ഉപ്പുപ്പാന്റെ കൊമ്പനാന. അതിനെ അവൾ വളരെയധികം സ്നേഹിക്കുന്നുണ്ട്. അവളുടെ ഉമ്മയുടെ പ്രധാന സവിശേഷത ഉമ്മറത്തിരുന്ന് എല്ലാവരെയും കൂട്ടി സംസാരിക്കുക എന്നതാണ് .അവർ അഞ്ചുനേരവും നിസ്കാരം മുടക്കാറില്ല.

പാത്തുമ്മക്ക് അറിയാത്തതായി ഒരു കാര്യവും ഇല്ല. പെണ്ണുകാണാൻ വന്നവരുടെ കണ്ണ് തള്ളിച്ചു അവൾ. കാതിലും കയ്യിലും കാലിലും സ്വർണ്ണം കൊണ്ട് മൂടിയിരുന്നു . വന്നവർ അവളോട് കുറെ കാര്യങ്ങൾ ചോദിച്ചു. അതിനെല്ലാം അവൾ മറുപടി കൊടുത്തു . പിന്നീട് എന്തോ സംഭവിച്ചു.ക്രമേണ എല്ലാവരും അവരിൽനിന്ന് അകന്നു തുടങ്ങി. അവളുടെ വീടും സ്ഥലവും അവൾക്ക് നഷ്ടപ്പെട്ടു. ആദ്യം അവരെ കണ്ടാൽ എഴുന്നേറ്റ് നിന്നവർ പിന്നീട് അവരെ നോക്കുക കൂടിയില്ല. കൊട്ടാരം പോലുള്ള വീട് വിട്ട് അവർ ഒരു കുടിയിലേക്ക് മാറി താമസിച്ചു. കുളിക്കാൻ മറപോലും അവൾക്കില്ലായിരുന്നു. ദൈവം കൈവിട്ടിട്ടും അവൾ ഒന്നും മറന്നില്ല. നിസ്കരിക്കാൻ മറന്നില്ല. ദുആ ചെയ്യാൻ മറന്നില്ല. പിന്നെ കുഞ്ഞു കൗതുകം തോന്നി ഒരിക്കൽ കുളത്തിൽ കുളിക്കാൻ ഇറങ്ങി. ഒരു അട്ട അവളെ കടിച്ചു .പക്ഷേ അവൾ അതിനെ ഒന്നും ചെയ്യാതെ തുറന്നുവിട്ടു. ഒരു വലിയ മത്സ്യം അതിനെ തിന്നു. അപ്പോഴാണ് ആ കുളത്തിൽ താമസക്കാരായ അവരെയെല്ലാം അവൾ കാണുന്നത്.

പിന്നീട് ഒരിക്കലാണ് പാത്തുമ്മ ആ മനുഷ്യനെ കണ്ടുമുട്ടുന്നത്.കണ്ടപ്പോൾ തന്നെ അവൾക്ക് അയാളോട് വല്ലാത്തൊരു അടുപ്പം തോന്നി. രണ്ടു മൈനകൾ തല്ലു കൂടുന്നത് കണ്ട് അതിനെ നോക്കി നിൽക്കുമ്പോൾ ഒരു മൈന പാറക്കിടയിലേക്ക് വീണു. അത് കണ്ടാണ് പാത്തുമ്മ മതിൽ ചാടിയത്. അവളുടെ കൈ തട്ടി ചെറുതായി മുറിഞ്ഞു ചോര പൊടിഞ്ഞു. രക്ഷിക്കുന്ന തിരക്കിൽ അവൾ അതൊന്നും അറിഞ്ഞില്ല .ആ മനുഷ്യൻ വന്നു അവളുടെ കയ്യിൽ മരുന്നു വെച്ച് കയ്യിൽ കിടന്ന തൂവാലെ എടുത്ത് അവളുടെ കൈ കെട്ടിക്കൊടുത്തു . അവിടെ നിന്നു പോയിട്ടും മനസ്സ് മുഴുവൻ അയാളായിരുന്നു. അയാളുടെ തൂവാല എന്നും നോക്കി നിൽക്കും. പിന്നീട് അയാളെ അവൾ കണ്ടില്ല. കുറെ അന്വേഷിച്ചു .അവൾ 18 തികഞ്ഞു. ഇതുവരെ ആരും അവളെ കല്യാണം കഴിക്കാൻ വന്നില്ല. കാരണം അവളുടെ കൈയിൽ സ്വർണമോ പണമോ ഇല്ല .ആരും അവളെ തേടി വന്നതുമില്ല. അതിനിടയിൽ അയാളുടെ പെങ്ങളെ കണ്ടുമുട്ടി. അവർ സുഹൃത്തുക്കൾ ആയി .പിന്നീടാണ് അവൾ അറിഞ്ഞത് തന്റെ സുഹൃത്ത് ആ മനുഷ്യന്റെ പെങ്ങളാണ് ന്റെ തുട്ടാപ്പി...

NILSHA P M
9E






Beneath the Sun's warm golden rays,
Where worries fade and troubles sway,
In fields of dreams. Where joy abounds,
Happiness in every sound.

With laughter like a gentle breeze,
And hearts aglow with endless ease,
We dance upon life's sweetest song,
In harmony where we belong.

In every smile, a shining light
Guilding us through the darkest night,
For happiness is ours to find,
In every moment, Interwind.



-Eshan Ahammed
9-A

# ചാറ്റ് ജി പി ടി

മനുഷ്യനെപ്പോലെ എഴുതാനും വായിക്കാനും ചാറ്റ് ചെയ്യാനുമെല്ലാം സാധിക്കുന്ന നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള ഒരു ചാറ്റ് ബോട്ട് ആപ്ലിക്കേഷൻ ആണ് ചാറ്റ് ജി പി ടി . മനുഷ്യന്റെ സ്വാഭാവികമായ ഭാഷ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും ചാറ്റ് ജിപിടിക്ക് സാധിക്കും. ഏത് വിഷയങ്ങളോടു ബന്ധപ്പെട്ട ചോദ്യങ്ങൾ ആയാലും അവക്കെല്ലാം ഒരുവിധം കൃത്യമായി ഉത്തരം നൽകാനും സ്വന്തമായ കഥകളും കവിതകളും എഴുതാനും തമാശ പറയാനുമൊക്കെ ഈ കമ്പ്യൂട്ടർ പ്രോഗ്രാമിൽ സാധിക്കുന്നു . മാത്രമല്ല നാം നൽകുന്ന ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിന് അകത്തെ തെറ്റുകൾ കണ്ടെത്തി തിരുത്താൻ ഉള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും വലിയ ലേഖനങ്ങളുടെ സംഗ്രഹം വിവർത്തനം ചെയ്യാനും ഒരു ഭാഷയിലെ വിവരങ്ങളെ മറ്റു ഭാഷയിലേക്ക് വിവർത്തനം ചെയ്യാനും ചാറ്റ് ജി പിടിക്ക് കഴിയും.

Open AI എന്ന അമേരിക്കൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് കമ്പനിയാണ് ഈ ചാറ്റ് ബോട്ട് നിർമ്മിച്ചിരിക്കുന്നത്. മനുഷ്യ ഭാഷ മനസ്സിലാക്കാനും ഉല്പാദിപ്പിക്കാനും സാധിക്കുന്ന ജനറേറ്റീവ് ട്രാൻസ്ഫോമർ എന്ന ഓപ്പൺസോഴ്സ് ലാംഗ്വേജ് മോഡലാണ് ഇതിൻറെ നിർമ്മാണത്തിനായി കമ്പനി ഉപയോഗിച്ചിരിക്കുന്നത്. 2021 സെപ്റ്റംബർ വരെയുള്ള ഇൻറർനെറ്റ് കണ്ടെന്റുകൾ, വെബ് പേജുകൾ, വിക്കിപീഡിയ ആർട്ടിക്കിൾ ,ബുക്ക്സ് തുടങ്ങിയ 45 ടി ബിയോളം കണ്ടെൻറുകൾ ഉപയോഗപ്പെടുത്തി പരിശീലിപ്പിച്ച ലാംഗ്വേജ് മോഡലിന്റെ 2022 നവംബർ അവസാനം വരെയുള്ള വേർഷൻ GPT 3.5 എന്ന പേരിലാണ് അറിയപ്പെടുന്നത്. ജി പി ടി 3 എന്ന സ്വാഭാവിക ഭാഷാ മോഡൽ ഉപയോഗപ്പെടുത്തി ഇതിനോടകം തന്നെ പല കമ്പനികളും പുതിയ എ ഐ ആപ്ലിക്കേഷനുകൾ ഉണ്ടാക്കി തുടങ്ങിയിട്ടുണ്ട്. നാം നൽകുന്ന വിവരങ്ങളിൽ നിന്നും കഥാപാത്രസൃഷ്ടി നടത്താൻ സാധിക്കുന്ന ക്യാരക്ടർ ജി പി ടി, വിവരങ്ങൾക്കനുസൃതമായി വീഡിയോ കണ്ടന്റുകൾ തയ്യാറാക്കാൻ കഴിവുള്ള ഡോട്ട് വോയിസ് അസിസ്റ്റന്റായി പ്രവർത്തിക്കാൻ കഴിവുള്ള Poly AI തുടങ്ങിയവ അവയിൽ ചിലതാണ് .

ജി പി ടി 3 പോലെ തന്നെ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് രംഗത്ത് ഉപയോഗപ്പെടുന്ന മറ്റ് സ്വാഭാവിക ഭാഷ മോഡലുകളാണ് NLP,Googleന്റെ BERT( Bidirectional encoder representations from transformers), ഫേസ്ബുക്കിന്റെ Roberta (Robustly optimated BERT pretraining approach ), അലൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ELMO (Embedding from language models)തുടങ്ങിയവ. ഇത്തരം ഭാഷ മോഡലുകളുടെ ശേഷിയും സാധ്യതയും നാം ഇനിയും അറിയാൻ പോകുന്നതേയുള്ളൂ.

IX-D

Fathima Filza 9-D






## ആസ്വാദനക്കുറിപ്പ്

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശ്സ്തമായ കഥയിൽ ഒന്നാണ് ഭൂമിയുടെ അവകാശികൾ. എല്ലാ ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണ് എന്നതാണ് ഈ കഥയിലൂടെ ഇദ്ദേഹം ബോധ്യപ്പെടുത്തുന്നത്. മണ്ണിനേയും സകല ജീവജാലങ്ങളെയും അടുത്തറിയുന്ന ഒരു സാധാരണ മനുഷ്യനാണ് വൈക്കം മുഹമ്മദ് ബഷീർ. ഭൂമിയുടെ മേൽ അധികാരമുണ്ടെന്ന ധാരണയുടെ പുറത്ത് ചെയ്തു കൂട്ടുന്ന അത്യാചാരങ്ങളോടുള്ള ബഷീറിന്റെ അതൃപ്തിയും ഈ കൃതിയിൽ കാണാൻ കഴിയും. പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും സൃഷ്ടിക്കപ്പെട്ടത് സ്രഷ്ടാവായ പടച്ചോന്റെ കൈകൾക്കൊണ്ടാണ് എന്നും അതുകൊണ്ട് അവയെല്ലാം തന്നെ ഇവിടെ ജീവിക്കുവാൻ അർഹതയുള്ളവരാണെന്നും ആരെങ്കിലും സ്വന്തം താല്പര്യങ്ങൾക്കോ സുഖസൗകര്യങ്ങൾക്കോ വേണ്ടി ഇതര പ്രാണികളെ കൊന്നൊടുക്കിയാൽ അത് ദൈവനിന്ദയും അക്ഷന്തവ്യമായ അപാരതയുമായിരിക്കുമെന്നുമുള്ള ദർശനത്തെയാണ് ഈ കഥയിൽ അടിവരയിട്ട് അവതരിപ്പിക്കുന്നത്.ക്ഷണിക്കപ്പെടാതെ ആഗതരാവുന്ന പക്ഷികളും ചിത്രശലഭങ്ങളും തുടങ്ങി ചിതലുകളും എലികളും കൊടിയ വിഷമുള്ള കരിന്തേളുകളും അടങ്ങിയ ഇക്കൂട്ടർ യഥാർത്ഥത്തിൽ ഭൂമിയുടെ അവകാശികൾ തന്നെയാണ് എന്ന് ബോധ്യമാക്കുന്നതാണ് കഥസാരം. പ്രായോഗിക ചിന്തക്കാരിയായ അദ്ദേഹത്തിന്റെ ഭാര്യയും പ്രായോഗിക ചിന്തക്കാരനായ ബഷീറും തമ്മിലുള്ള വാതപ്രതിവാതങ്ങളും നിരായുതനായിരിക്കുന്ന മനുഷ്യന്റെ നിസ്സഹായതയെക്കുറിച്ചുള്ള പരാമർഷങ്ങളും ഒക്കെ ഈ കഥയെ കൂടുതൽ ഹൃദ്യമാക്കുന്നു. ഇതിൽ കരിക്ക് തിരഞ്ഞെടുത്തുതിന്നുന്ന ശല്യക്കാരായ വവ്വാലുകളെ വെടിവയ്ക്കാൻ പോയവരെ വവ്വാല്കൾ തങ്ങളുടെ ആത്മാക്കളാണെന്നും പറഞ്ഞു തടഞ്ഞവരെ മുൻനിർത്തിയാണ് കഥ ബഷീർ അവസാനിപ്പിയ്ക്കുന്നത്. ഒരു മനുഷ്യനായി ചിന്തിക്കുക എന്നത് അത്ര എളുപ്പമല്ല അങ്ങനെ ചിന്തിക്കാനും പ്രകൃതിയോടും മറ്റു ജീവജാലങ്ങളോടും സംവാദിക്കാനും ഇദ്ദേഹം സമയം കണ്ടെത്തി. ഒരുപാട് അർത്ഥവത്തായ കുറെ കാഴ്ചപ്പാടുകൾ ഉള്ള ഒരു കഥയാണ് ഭൂമിയുടെ അവകാശികൾ. കഥയിൽ കയ്യിൽ ഉണ്ടായിരുന്ന പണം കൊടുത്ത് 21/2 ഏക്കർ തെങ്ങും പറമ്പും വാങ്ങി സുഖമായി ജീവിക്കാൻ ഒരുങ്ങുകയാണ് കഥാനായകൻ. തന്റെ പറമ്പിൽ മറ്റെങ്ങുനിന്നും അവകാശമുണ്ടാകില്ല എന്ന അദ്ദേഹത്തിന്റെ ധാരണയെ തകിടം മറിച്ചു കൊണ്ട് പാമ്പും,പഴുതാരയും, എലിയും, ഓന്തും മറ്റു അനേകം ജീവികളും പക്ഷി മൃകാദികളും അദ്ദേഹത്തിന്റെ വീട്ടിലും പറമ്പിലും സ്ഥിരതാമസമാക്കുന്നു. പലതും അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും സ്വകാര്യജീവിതത്തെ വല്ലാതെ ബാധിയ്ക്കുന്നുണ്ട്. ഈ അവസരങ്ങളിലാണ് അവയൊക്കെ ഇല്ലായ്മ ചെയ്യണമെന്ന ആവിശ്യവുമായി അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെ സമീപിക്കുന്നത്.




## ആസ്വാദനക്കുറിപ്പ്

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയും ആയിരുന്നു വൈക്കം മുഹമ്മദ് ബഷീർ. ധർമ്മം തുളുമ്പുന്ന ലളിതമായ ഭാഷയിലുള്ള അദ്ദേഹത്തിന്റെ രചനകൾ അനുവാചക ഹൃദയം കീഴടക്കിട്ടുള്ളവയാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് ഭൂമിയുടെ അവകാശികൾ. ബഷീറിന്റെ മറ്റു കൃതികളിൽ നിന്നും വ്യത്യസ്തമായ രചനയാണിത്. രണ്ടര ഏക്കർ തെങ്ങിൻ പറമ്പും അതിലൊരു വീടും സ്വന്തമാക്കിയ കഥാനായകന്റെ കൊച്ചു സാമ്രാജ്യത്തിലേക്ക് അനുവാദമില്ലാതെ കടന്നുവരുന്ന ഒരു കൂട്ടർ എന്ന് പറഞ്ഞുകൊണ്ടാണ് കഥ ആരംഭിക്കുന്നത്.മുദ്രപത്രത്തിൽ അവകാശമില്ലാത്ത മുള്ളുവേലികളെയും ഇരുമ്പ് കയറ്റിനെയും സർവ്വോപരി ഷാൻ എന്ന ഉശിരൻ നായയെയും വകവയ്ക്കാതെ തന്റെ പറമ്പിലേക്ക് കടന്നുവരുന്ന പൂമ്പാറ്റകളെയും പക്ഷികളെയും മറ്റു ജീവജാലങ്ങളെയും നോക്കിക്കൊണ്ട് ഇവർക്കൊക്കെ എന്റെ പറമ്പിൽ എന്താണ് അവകാശം എന്ന ചിന്തയിലൂടെയാണ് കഥ വിശാലമാകുന്നത്. പ്രകൃതി വിഭവങ്ങളുടെ അവകാശം മനുഷ്യനു മാത്രമല്ല ജീവജാലങ്ങൾക്ക് കൂടിയുള്ളതാണ് എന്ന വസ്തുത ഈ കഥയിൽ അടിവരയിട്ട് പറയുന്നുണ്ട്.ആദർശവാദിയായ കഥാനായകനും പ്രായോഗിക ചിന്താഗതിക്കാരിയായ ഭാര്യയും തമ്മിലുള്ള വാദപ്രതിവാദങ്ങളിലൂടെയാണ് കഥ മുന്നോട്ട് പോകുന്നത്. ഭൂമിയുടെ അവകാശികൾ മനുഷ്യൻ മാത്രമല്ല ജീവജാലങ്ങൾ കൂടിയാണെന്ന് കഥയിലുടനീളം കഥാകാരൻ ഊന്നിപ്പറയുന്നു. മനുഷ്യന് ഉപദ്രവകാരികളായ ജീവികളെ ഭാര്യ കൊല്ലുമ്പോൾ അത് തെറ്റാണ് ഒരു ജീവിയെ പോലും കൊല്ലാനോ ഉപദ്രവിക്കാനോ പാടില്ല എന്ന പാഠവും അദ്ദേഹം പകർന്നു നൽകുന്നുണ്ട്. " 500 കൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവ്വ ജന്തുക്കളെയും പക്ഷികളെയും മൃഗങ്ങളെയും എല്ലാം മനുഷ്യൻ കൊന്നൊടുക്കും, മരങ്ങളെയും ചെടികളെയും നശിപ്പിക്കും, മനുഷ്യൻ മാത്രം അവശേഷിക്കും, എന്നിട്ട് ഒന്നടങ്കം ചാവും" ബഷീറിന്റെ ഈ വാക്കുകളിൽ ദീർഘവീക്ഷണം ഒളിച്ചിരിക്കുന്നുണ്ട് കാലം കഴിയുന്തോറും മനുഷ്യന്റെ സ്വാർത്ഥത കൂടിവരികയേയുള്ളു എന്ന വ്യാഖ്യാനം കൂടി ഇതിലുണ്ട്. അതുകൊണ്ടുതന്നെ കാലം എത്ര കഴിഞ്ഞാലും ഈ കഥ വിഭാവനം ചെയ്യുന്നു അതിന്റെ ആശയത്തിന്റെ പ്രസക്തി വർദ്ധിക്കുകയേ ഉള്ളൂ.

ANAGHA.N-9E

# നിഗൂഢതയുടെ ആയങ്ങൾ തേടി




സമുദ്രം എന്നും നിഗൂഢതകൾ കൊണ്ട് നിറഞ്ഞതാണ്. അവയിൽ പലതും ചുരുളഴിക്കാൻ മനുഷ്യന് ഇന്നും സാധിച്ചിട്ടില്ല. ഈ ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുള്ള പ്രശസ്തമായ സമുദ്ര മേഖലയാണ് ബർമുഡ ട്രയാങ്കിൾ.അറ്റ്ലാന്റിക്ക് സമുദ്രത്തിൽ ബർമുഡ, മയാമി, പോർട്ടറിക്കോ എന്നിവിടങ്ങൾക്കിടയിലായി സ്ഥിതി ചെയ്യുന്ന സമുദ്രമേഖലയാണ് ബർമുഡ ട്രയാങ്കിൾ എന്ന് പറയുന്നത്. തീരത്തിനടുത്തായി ഏകദേശം ത്രികോണാകൃതിയിലാണ് ഇത് കാണപ്പെടുന്നത്. കപ്പലുകളെയും വിമാനങ്ങളെയും വിഴുങ്ങുന്ന ഒരു ഇടം എന്നാണ് പ്രശസ്ത എഴുത്തുകാരൻ വിൻസൺ ഗാഡിസ് ബർമുഡ ട്രയാങ്കിളിനെപ്പറ്റി അഭിപ്രായപ്പെട്ടത്. അദ്ദേഹത്തിൻറെ വിവരണം ഏവരുടെയും ഉള്ളിൽ ജിജ്ഞാസ ഉണർത്തും. അദ്ദേഹം അങ്ങനെ സൂചിപ്പിച്ചതും വെറുതെയല്ല. ബർമുഡ ട്രയാങ്കിളിലൂടെ ഇതുവരെ കടന്നുപോയ വിമാനങ്ങളുടെയും കപ്പലുകളുടെയും ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാകും.1948 ജനുവരി 27ന് ബ്രിട്ടീഷ് സൗത്ത് അമേരിക്കൻ എയർവെയ്സിന്റെ സ്റ്റാർ ടൈഗർ എന്ന വിമാനം ലണ്ടനിൽ നിന്ന് 25 യാത്രക്കാരുമായി ബർമുഡ ദ്വീപുകളിൽ ലക്ഷ്യമാക്കി പറന്നു. ജനുവരി 30ന് പുലർച്ചെ 3:15 വരെ വിമാനത്തിൽ നിന്നും റേഡിയോ സന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു.പൊടുന്നനെ അത് നിലച്ചു! പുലർച്ചയുള്ള ആ റേഡിയോ സന്ദേശത്തിന് ശേഷം ഇന്നുവരെ സ്റ്റാർട് ടൈഗർ എന്ന വിമാനത്തെ കുറിച്ച് ലോകത്ത് ആരും ഒന്നും കേട്ടിട്ടില്ല. അധികം വൈകാതെ തിരച്ചിൽ ആരംഭിച്ച എങ്കിലും ഒരു തുമ്പും ലഭിച്ചില്ല. അവസാനത്തെ റേഡിയോ സന്ദേശം ലഭിച്ചപ്പോൾ ആ സമയത്ത് നല്ല കാലാവസ്ഥയുള്ള പ്രദേശത്തായിരുന്നു വിമാനം പറന്നിരുന്നത്. യാത്രയ്ക്ക് ആവശ്യമായതിലും കൂടുതൽ ഇന്ധനം അതിലുണ്ടായിരുന്നതാനും. ഒരു ദിശാസൂചി തകരാറിലായിരുന്നു എങ്കിലും മറ്റു രണ്ടെണ്ണം നന്നായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. സ്റ്റാർ ടൈഗർ ദുരൂഹതയിൽ മറഞ്ഞ ഒരു വർഷത്തിനുശേഷം അതിന്റെ സഹോദര വിമാനമായ സ്റ്റാർ ഏരിയലിനും സമാന ദുരന്തം നേരിടേണ്ടതായി വന്നു. 1814 ബർമുഡ ട്രയാങ്കിളിൽ കാണാതായ അമേരിക്കൻ യുദ്ധക്കപ്പലാണ് യുഎസ്എസ് വാസ്പ്. 1918 യു എസ് എസ് സൈക്ലോസ് എന്ന മറ്റൊരു വമ്പൻ അമേരിക്കൻ കപ്പലിനെ കൂടി ബർമുഡ വിഴുങ്ങി.

ഇത്തരം സംഭവങ്ങൾക്ക് ശേഷം ബർമുഡ ട്രയാങ്കിൾ നിഗൂഢതയുടെ മറുവാക്കായി ലോകമെങ്ങും കുപ്രസിദ്ധി നേടി.ബർമൂഡ ട്രയാഗിളിനെ നേരുന്ന ഒരു കുട്ടിക്ക് പോലും ഭൂപടത്തിൽ ലളിതമായ അടയാളപ്പെടുത്തുവാൻ തിരിച്ചറിയാനും സാധിക്കുമെന്ന് ആളുകളുടെ ഭാവനയെ ഉദ്ദേശിപ്പിക്കുന്നു. അമ്പതോളം കപ്പലുകളും 20 ഓളം വിമാനങ്ങളും ഇവിടെ കാണാതതായി എന്നാണ് കരുതപ്പെടുന്നത് . ഇതിനെ കുറിച്ച് പലതരത്തിലാണ് കഥകൾ പ്രചരിച്ചത്. പ്രദേശത്തെ അപാരമായ കാന്തിക ശക്തിയാണ് അപകടങ്ങൾക്ക് പിന്നിൽ എന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ കടലിനടിയിൽ പാർക്കുന്ന അന്യഗ്രഹ ജീവികളാണ് എല്ലാത്തിനും കാരണം എന്ന് മറ്റു ചിലർ പറഞ്ഞു. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശത്ത് അറ്റ്ലാൻഡിസ്റ്റ് എന്നൊരു മഹാനഗരം ഉണ്ടായിരുന്നുവെന്നും അത് പിന്നീട് കടലിലേക്ക് ആഴ്ന്നുവെന്നുമായിരുന്ന ചിലരുടെ വാദം.ആ നഗരത്തിന്റെ അദൃശ്യമായ സാന്നിധ്യമാണ് കപ്പലുകളെ വിമാനത്തെയും

പിടിച്ചുതാഴ്ത്തുന്നത് എന്നാണ് അവരുടെ നിരീക്ഷണം. അവിടത്തെ പുരാതന വാസികൾക്ക് സാധാരണമായ കാന്തിക ശക്തി പ്രയോഗിക്കാൻ ആകുമെന്ന് ഇക്കൂട്ടർ കഥകൾ ഉണ്ടാക്കി. . ഗവേഷകരും ഭവന ശാസ്ത്രജ്ഞരും കലാകാലങ്ങളായി ഉത്തരം തേടുന്ന ചോദ്യമാണ് ബർമുഡ ട്രയാങ്കിളിൽ പിന്നിലെ രഹസ്യം എന്ത് എന്ന്?നാഷണൽ ആൻഡ് അറ്റ്മോസ്ഫിയറിക് അഡ്മിനിസ്ട്രേഷൻ ഇത് സംബന്ധിച്ച് നൽകുന്ന വിശദീകരണം ഇതാണ് : നിരന്തരമായി ഗതാഗതം നടക്കുന്ന മറ്റ് ഏതു വലിയ സമുദ്ര മേഖലയുമായി തട്ടിച്ചു നോക്കുമ്പോൾ അവിടങ്ങളിൽ ഉണ്ടാകുന്നതിലും കൂടുതൽ ദുരൂഹമായ അപകടങ്ങൾ ഒന്നും ബർമുഡ ട്രയാങ്കിളിൽ നടക്കുന്നില്ല.അതായത് പതിനായിരക്കണക്കിന് ജലയാനങ്ങൾ വർഷംതോറും കടന്നുപോകുന്ന കടൽക്ഷോഭങ്ങൾ സാധാരണമായ മേഖലകളിൽ ഉണ്ടാകുന്ന ഒരു അപകടങ്ങളെ ഇവിടെയും സംഭവിച്ചിട്ടുള്ളൂ എന്നതാണ് വാസ്തവം.

ബർമൂഡ ട്രയാഗിളിനെ പോലെ ദുരൂഹ പരിവേഷം ചേർത്ത് പെട്ടിട്ടുള്ള മറ്റു ചില സമുദ്ര ഭാഗങ്ങളുമുണ്ട്.അവയിൽ ഒന്നാണ് ദക്ഷിണ ഭാഗത്തായി പസഫിക് സമുദ്രത്തിലുള്ള ഡബിൾ സി എന്നറിയപ്പെടുന്നത് സഞ്ചരിക്കുന്ന യുവതിയെ പലരും കണ്ടിട്ടുണ്ട്. അത്ര കാര്യം എന്തായാലും ഇവിടെയും നിരന്തരമായി നിരവധി കപ്പലുകൾ ഒരു തുമ്പ് പോലും അവശേഷിപ്പിക്കാതെ അപ്രത്യക്ഷ മായിട്ടുണ്ട് എന്നത്
യാഥാർത്ഥ്യമാണ്.



**SAFNISHA N**
**9G**






അനിയത്തിക്ക് പ്രായം രണ്ടര. കഥ കേൾക്കാനും പാട്ട് കേൾക്കാനും ഇഷ്ടപ്പെടുന്ന പ്രായം. അവളുടെ കണ്ണിൽ എല്ലാത്തിനെയും പറ്റി അവളായിട്ട് തന്നെ ഒരു രൂപം ഉണ്ടാക്കി വച്ചിട്ടുണ്ട്. അവയെല്ലാം അവൾ കോർത്തിണക്കുന്നത് അവൾ കേൾക്കുന്ന കഥകളിലൂടെയാണ്. പക്ഷേ ഈ ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന നമ്മൾ ഓരോരുത്തർക്കും ഇത്തരത്തിൽ ഭാവിയുടെ വാഗ്ദാനങ്ങൾ ആകേണ്ട ഈ കുഞ്ഞുമക്കളുടെ ഇത്തരം ആവശ്യങ്ങൾ കേൾക്കാനും തിരക്കാനും അവരുടെ കൊച്ചു കൊച്ചു പരാതികൾ തീർക്കാനും സമയമില്ല .അവർക്ക് കഥകളോ പാട്ടുകളോ ചൊല്ലിക്കൊടുക്കാൻ സമയമില്ല . ഇത്തരം കഥകളുടെയും പാട്ടുകളുടെയും അകമ്പടിയോടെ ആയിരുന്നു നമ്മുടെ മുൻ തലമുറകൾ നമ്മെ ഊട്ടിയിരുന്നത് എന്ന കാര്യം നമ്മൾ വിസ്മരിക്കുന്നു. അന്ന് ഭക്ഷണം കഴിക്കാൻ ആരെയും നിർബന്ധിക്കേണ്ടതുണ്ടായിരുന്നില്ല .കുട്ടികളും വന്ന് യഥാസമയം കഴിക്കുമായിരുന്നു. അവർക്ക് വിശക്കുന്ന സമയം വന്നാൽ ഭക്ഷണം ആവശ്യപ്പെടും. മാതാപിതാക്കൾ അത് കൊടുക്കും. അത് നമ്മൾ ആസ്വദിച്ച് കഴിക്കും. എന്നാൽ ഇന്നോ, കഴിക്കുന്ന സമയവും ഭക്ഷണവും നമ്മൾ തീരുമാനിക്കും .പാവം കുട്ടികൾ , അപ്പോൾ ചിലപ്പോൾ അവർക്ക് വിശപ്പുണ്ടാവില്ല . പക്ഷേ നമ്മൾക്ക് വിടാൻ ഭാവമില്ല. അതിനായി ന യൂട്യൂബ് ചാനൽ വെച്ചുകൊടുത്ത് അവരുടെ വായിലേക്ക് ഭക്ഷണം കുത്തിക്കയറ്റുന്നു. എന്താണ് കഴിക്കുന്നതെന്നോ എന്തിനാണ് കഴിക്കുന്നത് എന്നോ മനസ്സിലാക്കാതെ അവർ വിഴുങ്ങേണ്ടിവരുന്നു. കാരണം മാതാപിതാക്കൾ , അല്ലെങ്കിൽ തിരക്കുകൾ അഭിനയിക്കുന്നു .രാവിലെ ഒരു നേരം മൂന്നുനേരത്തേക്കുള്ള ഭക്ഷണം തയ്യാറാക്കി അടച്ചുവെച്ച് അവർക്ക് ജോലിയില്ലെങ്കിൽ യൂട്യൂബും തുറന്നു വെച്ച് ഒഴിവുസമയം മുഴുവൻ മൊബൈലിന്റെ ലോകത്താണ്. ഇതു തന്നെയാണ് നമ്മുടെ ഈ കൊച്ചു കുഞ്ഞുങ്ങളും നിത്യേന കാണുന്നത്. പിന്നെ എങ്ങനെ ഭാവിയിൽ ഇത് അവരെ സ്വാധീനിക്കാണ്ടിരിക്കും?ജോലിയുള്ള മാതാപിതാക്കൾ വൈകീട്ട് ജോലി കഴിഞ്ഞ് വന്നാൽ അതുവരെ തനിച്ചു കളിച്ചിരുന്ന കുട്ടികൾ ഓടിയെത്തിയാൽ ഒരുപക്ഷേ ക്ഷീണം കൊണ്ടോ അതോ ഓഫീസിലെ തിരക്കുകൾ കൊണ്ടോ ആവാം. അവരെ വേണ്ടവിധത്തിൽ ലാളിക്കാനോ കൊഞ്ചിക്കാനോ മാതാപിതാക്കൾ മറന്നുപോകുന്നു. കണ്ട ഉടനെ പുസ്തകം വായിക്കാൻ ആവശ്യപ്പെട്ട് ഒരു ശാസന രൂപത്തിൽ പറഞ്ഞ് അവർ അകത്തേക്ക് കടക്കുമ്പോൾ ഓർക്കണം ഇത് കുട്ടിയുടെ മനസ്സിൽ എത്രമാത്രം മുറിവേൽപ്പിക്കുന്നു എന്ന്. പിന്നെ അവരിൽ മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനം വർദ്ധിക്കാനും അവർ ഇതിന്റെ ചതിയിൽ അകപ്പെടുന്നതിനും ആരെയും കുറ്റപ്പെടുത്താൻ കഴിയില്ല. ഇന്നത്തെ കുട്ടികൾക്ക് നമ്മൾ അനുഭവിച്ച നമ്മുടെ മാതാപിതാക്കൾ നമ്മൾക്ക് നൽകിയ അനുഭവങ്ങൾ അന്യമായി.



Fathima Hiba KK-8C




ആദ്യമായി സിനിമയ്ക്കായുള്ള script തയ്യാറാക്കുവാൻ Gravity write എന്ന വെബ്സൈറ്റ് ഉപയോഗിക്കുക .അതിലെ'AI film script 'എന്ന സെക്ഷനിൽ സിനിമയുടെ ദൈർഘ്യവും Genre ഉം, one line ഉം കൊടുത്ത് സ്ക്രിപ്റ്റ് തയ്യാറാക്കുക. അതിനുശേഷം സിനിമയിലെ രംഗങ്ങൾ തയ്യാറാക്കുവാൻ ചിത്രങ്ങൾ തയ്യാറാക്കുക. വീഡിയോകൾ നേരിട്ട് തയ്യാറാക്കാൻ Decohere എന്ന വെബ്സൈറ്റ് ഉപയോഗിക്കാമെങ്കിലും അത് കൃത്യമായിരിക്കണം എന്നില്ല .അതിനാൽ ചിത്രങ്ങൾ തയ്യാറാക്കുന്നതിനായി 'Microsoft Bing/ Adobe firefly/Ideogram/ Leonardo AI/ clipdrop എന്നിങ്ങനെ പല വെബ്സൈറ്റുകളും ഉപയോഗിക്കാവുന്നതാണ്. എല്ലാ ഇമേജുകളും scene by scene തയ്യാറാക്കുക. (ഒരു scene ന് ഒരു ചിത്രം ) .അതിനുശേഷം 'Runway.ml' എന്ന വെബ്സൈറ്റിൽ start with image'എന്ന tool ഉപയോഗിച്ച് വീഡിയോകൾ തയ്യാറാക്കാം. അതിൽ താഴെ യുള്ള 'motion brush' എന്ന tool ഉപയോഗിച്ച് ചിത്രത്തിലെ വിവിധ ഭാഗങ്ങൾ അനക്കാൻ സാധിക്കുന്നതാണ്. അതിനുശേഷം എല്ലാ ഇമേജുകളും വീഡിയോയുടെ രൂപത്തിലേക്ക് ആക്കുക. അതിനുശേഷം സിനിമയിലെ സംഭാഷണ രംഗങ്ങൾ തയ്യാറാക്കുന്നതിനായി'Eleven labs' എന്ന വെബ്സൈറ്റ് ഉപയോഗിക്കാം( script- ന് അനുസരിച്ച്). അതിനുശേഷം ഡയലോഗുകളും വീഡിയോയും ഒന്നിച്ച് lipsync ശരിയാക്കുന്നതിനായി 'lalamu studio' Shop website ഉപയോഗിച്ചു lipsync ശരിയാക്കുക. അതിനുശേഷം എല്ലാ വീഡിയോകളും ipsync cor rect ആക്കി തയ്യാറാക്കുക. തയ്യാറാക്കിയ വീഡിയോകളുടെ ക്വാളിറ്റി കൂട്ടുന്നതിനായി V makeഎന്ന App ഉപയോഗിക്കാവുന്നതാണ്. അവസാനമായി ചെയ്തു വെച്ച വീഡിയോകൾ എല്ലാം ഒന്നിപ്പിക്കുന്നതിനായി canva/clipchamp എന്നിങ്ങനെയുള്ള ഓൺലൈൻ സോഫ്റ്റ്വെയറുകളോ അതോ മറ്റു off line സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാവുന്നതാണ്. അവസാനമായി പശ്ചാത്തല സംഗീതം ഉൾപ്പെടുത്തുന്നതിനായി copyright free music കൾ ലഭിക്കുന്നതിനായി pixaboyഎന്ന വെബ്സൈറ്റോ അല്ലെങ്കിൽ സ്വന്തമായി music തയ്യാറാക്കാൻ musicfy എന്ന് വെബ്സൈറ്റ് ഉപയോഗിക്കാവുന്നതാണ്. എന്നിട്ട് നിങ്ങളുടെ ക്രിയേറ്റിവിറ്റിക്ക് അനുസരിച്ച് ടൈറ്റിൽ കാർഡുകളും ആവശ്യമായ എഡിറ്റിങ്ങുകളും ഉൾപ്പെടുത്തി സിനിമ തയ്യാറാക്കാവുന്നതാണ്. ഞാനിവിടെ നൽകിയിരിക്കുന്നത് AI വെച്ച് എങ്ങനെ സിനിമ തയ്യാറാക്കാം എന്നുള്ള basic വിവരങ്ങളാണ് .നിങ്ങൾക്ക് യൂട്യൂബിലോ അതോ മറ്റ് പ്ലാറ്റ്ഫോമുകളുടെയോ സഹായത്തിലൂടെ ഈ AI സിനിമ തയ്യാറാക്കാവുന്നതാണ്

*Eshan Ahammed*
*9 A*






വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ നോവലാണ് പാത്തുമ്മയുടെ ആട്. ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരും കൂടി ബഷീർ നൽകിയിട്ടുണ്ട്. എല്ലാവരിലും നന്മയും സ്നേഹവും കണ്ടെത്തുന്ന അദ്ദേഹത്തിന്റെ ജീവിതവീക്ഷണം കൂടി പ്രകടമാകുന്ന കൃതിയാണിത്. ബഷീറിന്റെ ഉമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന വലിയ കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത് അവിടെ നടക്കുന്ന ദൈനദിന സംഭവവികാസങ്ങളാണ് തന്റെ തനത് ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്ന് മാത്രമല്ല ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ പ്രധാന കഥാപാത്രങ്ങളാണ്. നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ .പേര് സൂചിപ്പിക്കുന്നത് പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ കഥാകതി തന്നെ



അലട്ടിയിരിക്കുന്ന മാനസിക സുഖത്തിനും ചികിത്സയും വിഷമവുമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ഉള്ള കുടുംബവീട്ടിൽ കഴിയുമ്പോൾ ആണ് 1954ൽ ഇത് ബഷീർ എഴുതുന്നത്. നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ. കണ്ണീരിനെ പൊടിച്ചിരിയാക്കി മാറ്റുന്ന ജീവിത ഗ്രാമീണ ബിംബങ്ങളാണ് കഥയിൽ ഉടനീളം വന്നു പോകുന്നത്. 1954 ഏപ്രിൽ 27 എഴുതി തീർത്ത് തിരുത്തുകയോ പകർത്തി എഴുതുകയോ ഭംഗിയാക്കുകയോ ചെയ്യാതെ എഴുതിയപടി തന്നെയാണ് ഈ നോവൽ പ്രസിദ്ധീകരണത്തിന് നൽകിയത്. കഥയിലുടനീളം ശുദ്ധനിർമത്തിനാണ് മുഖ്യപങ്ക് എങ്കിലും അക്കാലത്തെ ഇല്ലായ്മയും ഒരു കൂട്ടുകുടുംബത്തിൽ ഉണ്ടാകുന്ന കൊച്ചു വർത്തമാനങ്ങളും പിണക്കങ്ങളും ആ പിണക്കങ്ങൾ എല്ലാം ക്ഷണനേരത്തിൽ മായിച്ചു

കളയുന്ന സഹോദരി സ്നേഹവും ബഷീർ വളരെ അനായാസം വരച്ചു കാണിക്കുന്നു. കണ്ണീരിനെ പൊടിച്ചിരിയാക്കി മാറ്റുന്ന രാസവ്യ ബഷീറിന് മാത്രം. സ്വന്തം ബഷീർ കഥ എഴുതുകയല്ല പറയുകയാണ് എത്ര ലളിതമാണ് ബഷീറിന്റെ എഴുത്ത് എന്ന് നമുക്ക് തോന്നും. സൂക്ഷ്മവായനയിൽ ആ ലാളിത്യത്തിന്റെ പിന്നിൽ ഭാഷയെ സ്നേഹിച്ച ഒരു മനുഷ്യന്റെ നിരന്തരമായ അധ്വാനമുണ്ടെന്ന് ബോധ്യമാവും ഇതിലെ ദാരിദ്ര്യം കൊച്ച് മോഷണങ്ങളും അസൂയയും നിസ്സഹായതയും ഒക്കെ നമ്മൾ ചിരിയോടെ വായിക്കുമ്പോൾ തന്നെ ചിരിപ്പിക്കുന്ന നോവൽ ആക്കി അവ പരിണമിക്കുന്നുണ്ട്.

AYISHA ALFIYA
9E








ഖസാക്കിന്റെ ഇതിഹാസം-ആസ്വാദനക്കുറിപ്പ്

മലയാളത്തിന്റെ ഇതിഹാസ കഥാകാരൻ എന്ന് വിശേഷിപ്പിക്കുന്ന ഒ വി വിജയൻ എഴുതിയ വിഖ്യാതമായ നോവലാണ് ഖസാക്കിന്റെ ഇതിഹാസം. എഴുത്തിന്റെ ശൈലികൊണ്ടും വ്യത്യസ്തമായ പ്രമേയം കൊണ്ടും മലയാളത്തിൽ ഇതേവരെ പ്രസിദ്ധീകരിക്കപ്പെട്ടതിൽ വച്ച് ഏറ്റവും മികച്ച ഒരു നോവലാണ് ഖസാക്കിന്റെ ഇതിഹാസം. നോവലിലെ കേന്ദ്ര കഥാപാത്രമായ രവിയുടെ ഖസാക്കിലെ ഗ്രാമീണരും ഒത്തുള്ള ജീവിതയാത്രയിൽ കടന്നുവരുന്ന കഥകളും ഉപകഥകളും ആണ് ഈ നോവലിന്റെ ഇതിവൃത്തം. ഏകാധ്യാപക വിദ്യാലയത്തിലെ അധ്യാപകനായി ചേരുന്നതിനാണ് രവി ഖസാക്കിയിലെത്തുന്നത്. അപ്പുക്കിളി,അയളാവിച്ച മൊല്ലാക്ക, ഉപ്പു വച്ചൻ, മാധവൻ നായർ മൈമൂന ഖാലിയാർ എന്നിങ്ങനെ വ്യത്യസ്തമായ വ്യക്തിത്വം പേറുന്ന അനേകം കഥാപാത്രങ്ങളിലൂടെ വളരുന്ന രവിയുടെ ജീവിതം തന്നെയാണ് ഇതിഹാസമായി മാറുന്നത്. വളരെ ഭംഗിയായ പാലക്കാടൻ ഭാഷയും ഗ്രാമീണ ഭാഷയും ആണ് നോവലിന്റെ സവിശേഷത. ഓരോ വരികളിലൂടെയും നമ്മേ അനായാസമായി കഥയുടെ വഴിയെ കൈപിടിച്ച് നടത്തുന്ന കഥാകാരന്റെ കരവിരുദ്ധിനെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. ജീവിതത്തിന്റെ അർത്ഥങ്ങളെ കുറിച്ചും അർത്ഥശൂന്യതകളെ കുറിച്ചും ബാവ ബോധങ്ങളെ കുറിച്ചും ചിന്തിക്കുന്ന രവി ഒടുവിൽ ഖസാക്കിൽ നിന്നും മടങ്ങുവാൻ കാത്തുനിൽക്കുന്നതിനിടെ പാമ്പിന്റെ കടിയേറ്റ് മരിക്കുന്ന ഇടത്താണ് നോവൽ അവസാനിക്കുന്നത്. നിഷ്കളങ്കരായ ഒട്ടനേകം കഥാപാത്രങ്ങൾ അവരുടെ ജീവിതവും നമ്മുടെ ഹൃദയത്തിൽ തട്ടുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ള ഈ നോവൽ ഞാൻ വായിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും മനോഹരമായ കൃതിയാണ്. തീർച്ചയായും നിങ്ങൾക്കും ഈ നോവൽ ഇഷ്ടപ്പെടും എന്ന് പ്രതീക്ഷിക്കുന്നു.

*NIHA FATHIMA C*
*9 I*






Ai Camera

•Ai Camera is a camera that make use of artificial intelligence software identifying objects intelligently and optimising the colour and output based on the scene. ai can cameras are becoming increasingly popular in the workplace

• A danish artist has invented AI camera wich might change your photography experience completely and its called paragraphica

• how does an ai camera work? the ai camera works as follows: The image and circuit the measure video. The processor analyse the match or video using machine learning or deep learning algorithms the algorithms. identify objects, faces, scenes, and other features in the image or video .

• benefits of using a cameras in the workplace:-

1.automatic safety monitoring
2.flag unsafe conditions and events immediately
3. Improved workplace safety
4.Improved safety audit reporting
5. take effective connective action
6.secure dates storage
7.highly scalable
8.custom safety rules



Niya Thasli P.T
IX-D



ആസ്വാദന കുറുപ്പ്

ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായിരുന്നു എ.പി.ജെ അബ്ദുൽ കലാമിന്റെ ആത്മകഥയാണ് അഗ്നിച്ചിറകുകൾ. തമിഴ് നാട്ടിലെ രാമേശ്വരം സ്വദേശിയും ഇന്ത്യൻ മിസൈൽ സാങ്കേതിക വിദ്യയുടെ അമരക്കാരനമായിരുന്നു അബ്ദുൽ കലാം.അവുൽ പകീർ ജൈനലബ്ദീൻ അബ്ദുൽ കലാം എന്നാണ് മുഴുവൻ നാമം.പ്രശസ്ത സാങ്കേതികവിദഗ്ദനും എഞ്ചിനിയറുമായിരുന്നും.ഇദ്ദേഹം.ഇന്ത്യ വികസിപ്പിച്ചെടുത്ത സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ ന്റെയും ബാലിസ്റ്റിക്ക് മിസൈലിന്റെയും വികസനത്തിനും ഏകോപനത്തിനും അബ്ദുൽ കലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.പ്രതിരോധ ശാസ്ത്രജ്ഞ്യൻ എന്ന നിലയിൽ ഇന്ത്യയുടെ പരമോനത്ത ബഹുമതിയായ ഭാരത്രത്നം ലഭിച്ച സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമായാണ് അബ്ദുൽ കലാം.അദ്ദേഹത്തിന്റെ വ്യക്തിപരവും ഔദ്യോഗികവുമായ ഉയർച്ചയുടെയും നിസ്തുലവുമായ സേവനങ്ങളുടെയും കഥ പറയുന്നതിനോടൊപ്പം നമ്മുടെ രാജ്യത്തെ അന്താരാഷ്ട്യ നിലവാരമുള്ള ഒരു മിസൈൽ ശക്തിയുടെ തലത്തിലേക്ക് ഉയർത്തിയ അഗ്നി,പ്രഥ്വി,ആകാശ്,ത്രിശൂൽ,എന്നീ മിസൈലുകളുടെ രൂപകൽപന ,നിർമ്മാണം വിക്ഷേപണം എന്നീ വിവിധ ഘട്ടങ്ങളെ കുറിച്ച് തികച്ചും ആധികാരികവും വിജ്ഞാനപ്രദവുമായി വിവരിച്ചിരിക്കുന്നു.സാങ്കേതിക വിദ്യയിൽ അബ്ദുൽ കലാമിന്റെ  സംഭാവനകൾകണക്കിലെടുത്ത് ഇന്ത്യയുടെ മിസൈൽ മനുഷ്യൻ എന്ന് വിശേഷിപ്പിക്കാറുണ്ട്.ഭാരതീയ ജനതാ പാർട്ടിയുടെ പ്രധാന പ്രതിപക്ഷ കക്ഷിയായിരുന്നു ഇന്ത്യൻ നേഷണൽ കോൺഗ്രസിന്റെയും പിന്തുണയോടെ ഇദ്ദോഹം രാഷ്ട്രപതി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.തന്റെ ജനകീയ നയങ്ങളാൽ ജനങ്ങളുടെ രാഷ്ട്രപതി എന്ന പേരിൽ പ്രഷസ്തനായ അദ്ദേഹം . 2007 ജുലൈ 25 ന സ്ഥാനമൊഴിഞ്ഞു തന്റെ ഇഷ്ടമേഘലയായ അദ്ധ്യാപനം,എഴുത്ത്,പ്രഭാഷണം പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

Fathima Afra
9B



# The main mission of open AI

The main mission of open AI is to ensure that artificial general intelligence{AGI}benifits AGI that is self and benificial while fostring coopration and collabration long-term safty technical leader ship,and a cooperative orientation in its porsit of advancing Ai technology.

Basimshan-9A




ഒരു ദിവസം ബാലു പതിവിലും നേരത്തെ എഴുന്നേറ്റു. അവൻ ലൈറ്റിന്റെ സ്വിച്ച് അമർത്തി. വെളിച്ചമാകെ പരന്നു.അമ്മയെ അവൻ എഴുന്നേൽപ്പിച്ചു.അമ്മ എഴുന്നേറ്റു.ഇന്ന് അവധി ദിവസമാണ്.അവന്റെ പിറന്നാളും ഇന്ന് തന്നെയാണ്.അവൻ ഇന്ന് വളരെയേറെ സന്തോഷവാനാണ്.അവൻ പല്ല് തേക്കാൻ പോയി.അമ്മയും അച്ഛനും വാങ്ങിക്കൊടുത്ത ബ്രഷും പേസ്റ്റും തീർന്നിരുന്നു.അത്കൊണ്ട് അവൻ ചുവടെപോയി മാവില എടുത്ത് പല്ല് തേച്ചു.പിന്നീട് കുളിച്ച് വസ്ത്രമണിഞ്ഞ് ഭക്ഷണം കഴിച്ചു.അവൻ വേഗം സ്കൂളിലെ ഹോംവർക്കും മറ്റും ചെയ്തു.അവന്റെയടുത്തുള്ള പഴയ ബുക്കിൽ ചിത്രം വരച്ചു.നേരം പോവുന്നത് അവൻ അറിയുന്നില്ല.നേരം ഉച്ചയായി.ഭക്ഷണം കഴിച്ചു .വീണ്ടും ചിത്രം വരച്ചുകൊണ്ടിരുന്നു.വൈകുന്നേരം ആയപ്പോൾ അവന്റെ ബർത്ത്ഡേയ്ക്ക് കൂട്ടുകാർ എത്തിതുടങ്ങി.സന്ധ്യ ആയപ്പോൾ എല്ലാവരും എത്തി.അമ്മ ഉണ്ടാക്കിയ പായസം കൊടുത്തു.കേക്ക് മുറിച്ചു.ബർത്ത്ഡേ പാട്ട് പാടി എല്ലാവരും ആഘാഷിച്ചു.എല്ലാവരും സമ്മാനങ്ങൾ നൽകി.ഭക്ഷണം കഴിച്ചു.പെൻസിൽ,റബ്ബർ,സ്കെയിൽ, പേന എന്നിവ അമ്മയും ഡ്രോയിങ്ങ് ബുക്കും ബ്രഷും അച്ഛനും നൽകി.മറ്റുള്ളവർ വേറെ സമ്മാനങ്ങളും നൽകി.അവൻ അച്ഛൻ വാങ്ങിയ ഡ്രോയിഗ് ബുക്കിൽ ബ്രഷ് ഉപയോഗിച്ച് ഒരു പേജിൽ വരച്ചു.വളരെ സന്തോഷത്തോടുകൂടിയാണ് അവൻ ചിത്രം വരക്കുന്നത്. അവനെ ആരോ വിളിക്കുന്നു..അമ്മയായിരുന്നു.കണ്ണ് തുറന്നപ്പോൾ ഇവൻ ഇതുവരെ കണ്ടതെല്ലാം സ്വപ്നമായിരുന്നെന്ന് മനസ്സിലായി.

ASHMIL-8B




# കമ്പ്യൂട്ടർ

വിവരങ്ങൾ സൂക്ഷിക്കുവാനും സംരക്ഷിക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക്ക് ഉപകരണമാണ് കമ്പ്യൂട്ടർ. അഥവാ നിർദേശങ്ങളുടെ ഒരു സവാഹാരം മുഖേന വിവരങ്ങൾ നടപടിക്ക് വിദേയമാക്കുന്ന ഒരു പ്രയോപകരണം അല്ലെങ്കിൽ ഇലക്ട്രോണിക്ക് ഉപകരണമാണ്.വിധേയമാകേണ്ട വിവരങ്ങൾ,സംഖ്യകൾ,എഴുത്ത്,ചിത്രങ്ങൾ,ശബ്ദം എന്നിങ്ങനെ പല തരത്തിലതിനെ സൂചിപ്പിക്കാം.

ലോകത്തിലെ ഏറ്റവും വേഗതയും കാര്യക്ഷമതയും ഉള്ള കമ്പ്യൂട്ടർ സൂപ്പർ കമ്പ്യൂട്ടറാണ്.ഇവ പ്രധാനമായും വിവിധ കാലഘട്ടങ്ങളിലെ കമ്പ്യൂട്ടറും കമ്പ്യൂട്ടറിഗ് ഉപകരണങ്ങളും ഉണ്ട്.നാസ,ഐ.എസ്.ആർ.ഓ തുടങ്ങിയ സ്പേസ് സ്റ്റേഷനുകളിലാണ് ഉപയോഗിക്കുന്നത്.നാസയിലെ സൂപ്പർ കമ്പ്യൂട്ടറിന്റെ പേര് കൊളമ്പിയ എന്നാണ്.

ചാൾസ് ബാബേജ്,ഇംഗ്ലീഷ് വെക്കാനിക്കൽ എൻജിനിയർ, പോളിമത്ത് എന്നിവ ആശയം ഉരുതിരുഞ്ഞു.കമ്പ്യൂട്ടറിന്റെ പിതാവ് എന്ന് അദ്ദേഹം കരുതി.1൯ആം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ആദ്യ മെക്കാനിക്കൽ കമ്പ്യൂട്ടറാണ് അദ്ദേഹം രൂപപ്പെടുത്തിയത്.നാവികേഷണൽ കണക്കുകൂട്ടലുകളിൽ സഹായിക്കാൻ രൂപകൽപന ചെയ്യു വിപ്ലവകരമായ വ്യത്യാന എഞ്ചിനാണ്.1833ൽ ഒരു സാധാരണ രൂപകൽപന ,ഒരു അനലിറ്റിക് എഞ്ചിൻ സാധ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി.

LIYA FATHIMA
9C



## The morning was snowy

There is no children in the yard.There is snow everywhere and snowflakes were falling from the sky.Oh,its freezing.Mrs smith won'allow her children to go out.it's sure. Even grown ups are in the house.then why am i expecting children to come here? Every morning children from nearby houses come to my house.I am a 46 old unmarried women with no child. It's not common here.Every one have married and have children.He, Iam exception.I have a beutiful flower garden and a large yard. In spring,summar and autumn(even in rainy) every children come to play here.Iam so proud about my garden and house.There is no tidy and simple but attractive house like mine out here.And children loved to play in my yard along with their mammas.Mrs.smiths boy Adam is my favourate child really.He chats alot.sometimes i tell him to shut up but he wouldn't, and iam glad about it. Who is there to give me company expect these childran.But i doesn't feel like marrying. Today there is no children out in my yard and iam sure this day's gonna be a grumpy day.

"knock,knock"Ha.Who's there?I thought. But Iam not going to aok it. Why didn't iask?I opened the door,but to my surprise i wasn't expecting a child and it wasn't a child.It's a man(or it a boy) about 25-26(I think so).He looked good in this whether .A simple t-shirt and jeans.Not an overcast on jumper.And he says he shivering.Who won't shiver in this freezing day wearing a t-shirt. But he didn't looked so.I understood it was a lie but I let him in.Gave him a coat but he refused. I told him to sit near the five bathe refused. But,he accepted my tea.Ashe drank,I asked him his name.He was silent.He resumed drinking.ok.I went to my daily chores.Iam uncomfortable near grown up men but i wasn't neither comfrtable nor uncomfortable near this boy.I ask him about his house while i was cleaning my dishes.He ismute . I was expecting this.A stronger through he is,I told him about to wheter and children.How i missed them and wanted this children to come.He nodded as he already know.I continued,

Talking about my abusive mother and how i ran out from my house at the age of 23 and how she hadn't cared about me at all.as i was talking i wasn't crying but teers fell into my cheek. The boy doesn't comforted me or said a word.but i was ok with it.Was i expecting this. I told him my mothers house and my hell of a life there.There wasn't a single flower in the yard.In that house there was always the small of alcahol and drugs.The floor was shattered with beer bottles. I cleaned it and clean it. My mother continued her daily workwhich was drinking. I told the boy about how i longed then for a father who i didn't know about.I found out that my mother was the cause of his death when i was in collage.i was afraid to marry because i was lie her in looks.I feared that i will be like her when i grew up.Eventhough i still believe it is untrue,Iam tright with these children i have.

I was mean to but i told him abut my disease.About my heart. I haven't talked about this to any body until now I was afraid i couldn't lead a normal life with those symapatetic eyes. They won't let their children near me, i feared. But iwas ok,as i said,and iexpected this boy nothing other than to nod.Now i accept i wasreally crying. I cried for maybe 1 hours.There was no children and this day is grumpy.But,when i stoppedcrying,i felt like i have kicked out my great garden that i've been carrying in my heart forever. A great deal of time had passed really. But as i looked out it was still morning snow-covered morning.Time was also the same.The time that boy come.I looked into his face, he wasn't surprised, neither was i.I made another cup of tea.We sipped the tea and looked out nothing was moving.everything was still. We didn't talked for a while.I got up and asked some timeto clean my house,even though there wasn't anything to clean.i made my

house perfect.My,books,Which weren't dusty like others,I touched it and smelled it.I worked the flower in my vase and everythng. I went to the boy.he was sitting still as i left him istood in front of him. He took out as knife,I wasn't surprised.He was death.He was death.

SHEZA KHADEEJA 9D



# Sadness unvieled

In shadows deep,sorrow
resides,
A heavy heart,w
here pain
abides.
Tears cascade
like gentle rain,
hearteaches
melody,a mourntal
strai.
Lost
indarkness,
asoul
adrite,
Sadness
lingers, a heavy
rift.
But remember,my
frient you,re
not alone,
**Love and light will
guide you home.**



FATHIMA MEHABIN
9A




മാറ്റമില്ലാത്ത മാറ്റത്തിനായി
കാലത്തിനൊപ്പം
കുതിക്കുന്ന
മർത്യാ.

മാറ്റിമറിച്ചിവിടെ
യൊത്തിരി മാറ്റങ്ങളുണ്ടാക്കി
വിജയഗാഥമുഴക്കിയീ മാറ്റങ്ങളിലർമാദിക്കെ.

അയലത്തെ പട്ടിണി കാണാത്ത
തെരുവിലെ രോദനമറിയാത്ത
അപരന്റെ വേദനയിൽ
വേദന കാണാത്ത
മാറ്റമാണോ മാറ്റം.

പെറ്റമ്മയെ സദനങ്ങളിലാക്കി
ഊറ്റം കൊള്ളുന്ന മാറ്റം.
പിറന്നുവീണ കുഞ്ഞിനെ
പേറ്റുനോവറിഞ്ഞവളെറിഞ്ഞു
കൊല്ലുന്ന മാറ്റം.

നാടറിയാതെ
നാട്ടുപൂഞ്ചോലയറിയാതെ
നാട്ടിടവഴിയിലെ
കുളിരറിയാതെ
വളരുന്ന യുവതതൻ മാറ്റം.

ചെളിപുരണ്ട കൈയ്യിലെ
ചേറിന്റെ കഥമറക്കുന്ന മാറ്റം.


ഒരിറ്റ് സ്നേഹത്തിനൊരു തലോടലിനൽ
പമാശ്വാസത്തിനൊരു കരുതലി നല്ലനേരം
മാറ്റി വെക്കാൻ കഴിയാത്ത മനുഷ്യന്റെ മാറ്റം.

കാലത്തിനൊപ്പമ
മാറ്റത്തിനായി
മുറവിളി കൂട്ടുന്ന
മാറ്റമെന്തെന്നറിയാത്ത മനുഷ്യന്റെ മാറ്റം.

സൈറ ഉള്ളിയേരി.



*SAYIRA ULLIYERI*





*The central processing unit(cpu) is the primery component of a computer that acts as its control central. The cpu also reterred to as the "Central"or main processor,is a complex set of electronic circuitary that runs the machine's operating system and apps.*

*A cpu is the core electronic circuitary component of a computer program that allows it to implement instructions cpu perfom logic,control,arethmetic,input and output operations specified by its progaramming to perform basic tasks.*

*CPU is the heart of the comuter a cpu takes basic functions,and sends the data to the correct output devices it performs functions including arithmatic logic,and cache memory.*

*The five functions of a cpu are fetching instructions from memory decoding the instructions from memory.The term cpu stands for centrsl processing unit.*






**FATHIMA SHADIYA**




ആകാശത്ത് പൂർണ ചന്ദ്രൻ ഉദിച്ചുനിൽക്കുന്നു. ആ നിലാവെളിച്ചം പകലിനേക്കാൾ പ്രകാശമുള്ളതായി അവൾക്ക് തോന്നി.ചന്ദ്രനെ നോക്കി നിൽക്കുമ്പോൾ അവളുടെ മനസ്സ് എന്തിനോ വേണ്ടി തുടിക്കുന്നുണ്ടായിരുന്നു.ചുറ്റും നിശബ്ദത.അവളുടെ വിടർന്ന കണ്ണുകളിൽ നിലാവ് പരന്നൊഴുകി.കണ്ണുകളിലെ തിളക്കം ചുറ്റും പടർന്നു.എന്തെന്നില്ലാത്ത സന്തോഷം അവളെ പിടികൂടി.

മനസ്സിൽ ആരയോ ആലോചിച്ച് അവളങ്ങെനെ നിന്നു.
ആ മധുരമായ സ്വരം അവളുടെ കാതടപ്പിച്ചു.കോരിച്ചൊരിയുന്ന മഴയത്ത് ഒറ്റക്ക് പാട്ട് പാടുന്നൊരാൾ.മഴയുടെ കള കള ശബ്ദത്തെ വെല്ലുവിളിക്കാൻ
ശ്രമിക്കുന്നതുപോലെ.മഴത്തുള്ളികൾ കൺപീലികളുടെ ഊർന്നിറങ്ങി അവളുടെ കവിളത്ത് ചുംബിച്ചു.ആ സമയം ഭൂമി മുഴുവൻ നിശ്ചലമായതു പോലെ അവൾക്ക് തോന്നി.അവളും ആ സ്വരവും മാത്രം. ആ മധുരമായ ശബ്ദം അവളുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചു.ആ സ്വരത്തിലെ തെങ്ങൽ അവൾക്ക് കേൾക്കാമായിരുന്നു.സ്നേഹത്തിനു വേണ്ടി കൊതിക്കുന്ന മനസ്സും.

മന്ദം മന്ദം അവൾ മുൻപോട്ട് നടന്നു.ഈറണിഞ്ഞ മുടിയിഴകൾ അവിടമാക്കമാനം ചൂളമടിച്ച് ചുറ്റിയടച്ച് നടന്ന കാറ്റിൽ പാറപ്പറന്നു.അകലെയുള്ള മരച്ചുവട്ടിൽ ആ തെഞ്ഞുന്ന മനസ്സും മധുരമായ ശബ്ദത്തിനുടമയേയും അവൾ കണ്ടു.പതുക്കെ വർദ്ധിച്ച ഹൃദയമിടിപ്പോടെ അവൾ അങ്ങോട്ട് നടന്നടുത്തു.മഴവെള്ളത്തിൽ കാൽപ്പാടുകൾ തെളിഞ്ഞ് മാഞ്ഞ് കൊണ്ടിരുന്നു.അടുത്ത് ചെല്ലുന്തോറും അവളുടെ ഹ്രിദയം കൂടുതൽ വലിഞ്ഞ് മുറികിക്കൊണ്ടിരുന്നു.

വെള്ളത്തിൽ ആരോ ചവിട്ടി നടന്നുവരുന്ന ശബ്ദം കേട്ട് അയാൾ പാട്ട് നിർത്തി.തല അവൾക്ക് നേരെ തിരിച്ച് അയാൾ ചോദിച്ചൂ.ആരാ?!!! അവൾ ചുറ്റും നോക്കി. അന്ധന്മാർ ഉപയോഗിക്കുന്ന വടിയും കണ്ണടയും വാച്ചുമൊക്കെ അവൾക്ക് കാണാൻ കയിഞ്ഞു.അവളുടെ കണ്ണിൽ നിന്നും കണ്ണുന്നീർ മഴത്തുള്ളികളോടൊപ്പം ഭൂമിയിൽ വീണു പൊട്ടി.അയാൾ ചോദ്യം ആവർത്തിച്ചു.ആര?!!! ആ സമയം ഭൂമി പിളർന്ന് തായെ പോയിരുന്നുവെങ്കിൽ എന്ന് അവൾ ആലോജിച്ചു.ഒന്നും മിണ്ടാതെ അവൾ തിരിഞ്ഞോടി.അവളുടെ ഹ്രദയം പൊട്ടുന്ന വേധന അവൾക്കനുഭവപ്പെട്ടു.ആ വെള്ളപ്പാച്ചിലിൽ ഇരുന്ന് അവൾ ഉറക്കെ കരഞ്ഞു.എന്തിനു വേണ്ടിയാണെന്ന് അവൾക്കറിയില്ല.എന്തിനോ ആർക്കോ വേണ്ടി.

തന്റെ മുഴുവൻ ശക്തിയുപയോഗിച്ച് അവൾ അയാൾക്കരികിലേക്കോടി.കെട്ടിപ്പിടിച്ചു.അയാൾക്ക് ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല.എങ്കിലും ആ സ്പർശനം അയാൾ ഏറ്റുവാങ്ങി.പെട്ടെന്ന് എന്തോ ഓർത്തപ്പോലെ അവൾ ഒന്നും മിണ്ടാതെ നടന്നു. അവൾക്ക് ചുറ്റും സംഭവിക്കുന്നത് എന്താണെന്ന് മനസ്സിലായില്ല.ആരോടും ഒന്നും മിണ്ടാതെ തന്റെ വീട്ടിൽ അവൾ ഒതുങ്ങികൂടി.നിലാവിനെ നോക്കിക്കൊണ്ട്.ആ മയവും സ്വരവും അയാളും ആലിംഗനവുമെല്ലാം ഒരു സ്വപ്നം പോലെ അവൾക്ക് തോന്നി.എന്തിനാണ് താനത് ചെയ്തതെന്ന് അവവൾ കുറേ തവണ ആലോചിച്ചു.മനസ്സിനുപോലും ഉത്തരമില്ല.

അത് അവൾക്ക് എന്തോ പ്രത്യേകതയുള്ളതായി തോന്നി.ഇനിയും കാണണമെന്ന തോന്നൽ അവളിൽ ഉടലെടുത്തു.പക്ഷെ
എന്തോ അവളെ തടഞ്ഞും.ആ നിലാവോ,മനസ്സോ എന്തോ!!! എന്തോ ആ നിമിഷം അവളിൽ പ്രണയത്തിന്റെ വിത്തുകൾ പൊങ്ങി.നാളേക്കുള്ള പ്രതീക്ഷയിൽ അവൾ നിലാവിനോട് കഥകൾ കൈമാറിയിരുന്നു.നാളെ അയാൾ അവിടെ ഉണ്ടാകുമോ അറിയില്ല.എന്നാലും എന്നാലും ആരോടും ഇന്നേ തോന്നാത്ത അടുപ്പം എങ്ങനെ അയാളോട്.അറിയില്ല.ആരാണയാൾ അയാളുടെ പേരന്താണ്.അറിയില്ല!!!!!!!!..



NIDHA FATHIMA
10A




# ഫേക്ക് വാർത്തകൾ: പ്രചാരണം തടയാം

സോഷ്യൽ മീഡിയ സജീവമായ ഈ കാലത്ത് ബഹുഭൂരിപക്ഷം ജനങ്ങളും വാർത്തകൾക്കായി അവയെ ആശ്രയിക്കുന്നതാണ് പ്രവണത. എന്നാൽ ഔദ്യോഗിക വാർത്താ മാധ്യമങ്ങളിൽ വാർത്ത തയ്യാറാക്കുന്ന ആളല്ലാത്ത അനവധി പേരുടെ വായനക്ക് ശേഷവും എഡിറ്റിങ്ങിനു ശേഷവുമാണ് വാർത്ത പുറത്തേക്ക് വരുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി വാർത്ത തയ്യാറാക്കുന്ന ആൾ തന്നെ പ്രസിദ്ധീകരിക്കുന്നതാണ് സമൂഹ മാധ്യമങ്ങളുടെ പ്രത്യേകത.




ഒരാളുടെ മാത്രം ഇംഗിതത്തിനനുസരിച്ച് വരുന്ന വാർത്തകൾ സമൂഹത്തിൽ പല തരത്തിലുമുള്ള പ്രയാസങ്ങൾ വരുത്തിയേക്കാം. ഇത്തരം വാർത്തകൾ ഏതൊക്കെയാണ് ശരി, തെറ്റ് എന്ന് തിരിച്ചറിയുക പ്രയാസമാണ്. ആളുകളെ തെറ്റുധരിപ്പിക്കുക, സമൂഹത്തിൽ ഛിദ്രത വളർത്തുക, വ്യക്തികളെ അപമാനിക്കുക, രാഷ്ട്രീയപരമായും മതപരമായുമുള്ള തർക്കങ്ങൾ ഉണ്ടാക്കുക, ശാസ്ത്ര വിരുദ്ധമായ ധാരണകൾ വളർത്തുക എന്നിവയാണ് ഇത്തരം വാർത്തകൾ മൂലം വരുന്ന വലിയ അപകടം. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സൗകര്യം ഉപയോഗിച്ച് സത്യമെന്ന് തോന്നിക്കും വിധമുള്ള വീഡിയോകൾ പോലും ഇപ്പോൾ തയ്യാറാക്കി പ്രചരിപ്പിക്കുന്നവരുണ്ട്.

ഇത്തരം വാർത്തകളും കുറിപ്പുകളും പ്രചരിപ്പിക്കാതിരിക്കാൻ നമുക്ക് ബാധ്യതയുണ്ട്. കാണുന്നതെല്ലാം ഷെയർ ചെയ്യുന്നതിന് പകരം തീർത്തും വിശ്വാസയോഗ്യമായവ മാത്രം ഷെയർ ചെയ്യുകയാണ് ഉചിതം. ശരിയല്ല എന്ന് സംശയമുള്ളവയും ശരിയായ സ്രോതസ്സിൽ നിന്നല്ലാത്തതുമായവ അവഗണിക്കാം. ഫോൺ നമ്പറോട് കൂടിയവ




അതിൽ വിളിച്ച് അന്വേഷിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ മറ്റൊരാളിലേക്ക് എത്തിക്കാൻ ശ്രമിക്കാവൂ. വ്യക്തിഹത്യക്ക് സാധ്യതയുള്ളവ ശരിയാണെങ്കിൽ പോലും ഷെയർ ചെയ്യാതിരിക്കുകയും വേണം. സത്യാവസ്ഥ പരിശോധിക്കാനുള്ള വെബ് സൈറ്റുകളും ഗ്രൂപ്പുകളും ഇപ്പോൾ ലഭ്യമാണ്. വിശ്വാസ്യ യോഗ്യമായ ഇത്തരം സൈറ്റുകളിൽ അന്വേഷിച്ച് ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.






സിറാജുദ്ദീൻ പന്നിക്കോട്ടൂർ

## ادلوں کی پرواز، پہاڑوں کا سایہ



زمین کی گود میں ہمارا خواب ہے بسایہ

پھولوں کی خوشبو، ہوا کی شفافی

پرندوں کی گاتری، خوشیوں کا رقصیا

لیکن آج کل، ہمارے محافل میں

صداقت کی فقدان، ہمارے دلوں کا دکھاں

جنگلوں کی بیخوفی، دریاوں کی بے لوثی

کس نے نہیں چاہی، یہ روشنی کی دھوپیا

آئینہ دکھاتا ہے، ہمارے انجام کو

زمین رو رہی ہے، ہوا بھی رو رہی ہے

لے چلو ہاتھ مل کر، ان کو بچانے

زمین کی خوشیوں کو، ہمیں سنبھالنے

کیونکہ آج نہیں تو کل، ہوگا محسوس

کہتے ہیں انسان، لیکن کرتا ہے خس

زمین ہے ہماری، روزگار بھی اس کا

اگر ہم نے نہیں بچائی، تو کیا ہوگا؟



MAJEED VELOM

بازار میں اُردو زبان کا اہمیت اور اس کے فائدے

مقدمہ: بازار میں اُردو زبان کا اہمیت اور اس کے فائدے پر ایک مضبوط موضوع پر بحث کی جا سکتی ہے۔ اُردو زبان ایک خوبصورت اور رومانوی زبان ہے جو پاکستان اور بھارت کے علاقوں میں بولی جاتی ہے۔ اس زبان کی اہمیت اور فوائد کو سمجھنے کے لئے ضروری ہے کہ ہم اس کے اہمیت، تاریخ، اور اُس کے فائدے کو سمجھیں۔

اہمیت:

اُردو زبان کو پاکستان اور بھارت کی قومی زبان کے طور پر قبول کیا جاتا ہے۔ یہ زبان مختلف علاقوں میں بولی جاتی ہے اور لوگ اس کو اپنی روزمرہ کی زندگی میں استعمال کرتے ہیں۔

اُردو زبان ایک مشترکہ نقطہ ہے جو مختلف علاقوں کے لوگوں کو ایک ساتھ لاتی ہے۔ یہ زبان مختلف ثقافتوں اور علاقوں کے درمیان ایک رابطہ کا کام کرتی ہے۔

اُردو زبان کو ادب، شاعری، نظم و غزل، اور مختلف فنون میں استعمال کیا جاتا ہے۔ اس کی خوبصورتی اور اہمیت کو ادبی محافل میں بھی سراہا جاتا ہے۔

فوائد:

اُردو زبان کو سیکھنے سے لوگ اپنے فکری، اجتماعی، اور ثقافتی دائرہ وسیع کرتے ہیں۔

یہ زبان مختلف مواقع پر نوکری حاصل کرنے کی سہولت فراہم کرتی ہے۔

اُردو زبان کے ذریعے مختلف ثقافتوں اور تقالید کو سمجھا جا سکتا ہے۔

اُردو زبان کے ذریعے لوگ اپنے دلچسپی کے موضوعات پر مضامین لکھتے ہیں اور اپنی خوبیوں کو نکھارتے ہیں۔

نتیجہ: اُردو زبان کی اہمیت اور فوائد کو دیکھتے ہوئے، یہ زبان ہماری زندگی میں اہم کردار ادا کرتی ہے۔ اُردو زبان کو بہتر طریقے سے فہم کرنا اور استعمال کرنا ہماری فکری اور فہمی بصیرت کو بڑھاتا ہے۔ اسی طرح، ہمیں یہ یقین دلانا چاہیے کہ ہم اُردو زبان کی اہمیت کو سراہیں اور اس کے استعمال کی فراہمی کریں تاکہ ہماری ثقافت اور تعلیمی سطح میں اضافہ ہو۔

يمكن أن يتضمن تحقيق الأهداف الأكاديمية كطالب عدة استراتيجيات:

1. **تحديد أهداف واضحة:** حدد أهدافًا محددة وقابلة للقياس وقابلة للتحقيق وذات صلة ومحددة زمنيًا (SMART).

2. **الإدارة الفعالة للوقت:** تحديد أولويات المهام وإنشاء الجداول الزمنية وتخصيص الوقت للدراسة والواجبات والاسترخاء.

3. **المشاركة النشطة:** شارك بنشاط في مناقشات الفصل، واطرح الأسئلة، واطلب توضيحات بشأن المفاهيم.

4. **استخدام الموارد:** استفد من المكتبات والموارد عبر الإنترنت وخدمات التدريس ومجموعات الدراسة للحصول على دعم إضافي.

5. **الجهد المستمر:** حافظ على روتين دراسة ثابت وتجنب المماطلة للبقاء على المسار الصحيح في الدورات الدراسية.

6. **اطلب التعليقات:** اطلب التعليقات بانتظام من الأساتذة أو الموجهين لتحديد مجالات التحسين وتعديل الاستراتيجيات وفقًا لذلك.

7. **القدرة على التكيف:** كن مرنًا ومستعدًا لتعديل أساليب الدراسة بناءً على ما يناسب أساليب التعلم الفردية.

8. **كن منظمًا:** تتبع المواعيد النهائية والواجبات والامتحانات باستخدام المخططات أو الأدوات الرقمية لتجنب الاندفاع في اللحظة الأخيرة.

9. **العادات الصحية:** أعط الأولوية للصحة البدنية والعقلية من خلال الحصول على قسط كافٍ من النوم، وتناول الطعام الصحي، وممارسة الرياضة بانتظام، وإدارة التوتر بشكل فعال.


10. **المثابرة:** كن متحفزًا ومرنًا، خاصة عند مواجهة التحديات أو النكسات، من خلال التركيز على الأهداف طويلة المدى والاحتفال بالإنجازات الصغيرة على طول الطريق









**MUHAMMED BASHEER C K**




ANEENA FATHIMA.V-8B




**MUHAMMED MISHAL SHAHEER**



G.H.S.S POONOOR
Ameya.NP 9E





AMEYA N P

9 E







Fadhil Gafoor-9B




**MUHAMMED RIHAN**
**IX H**






**Ayana-8 L**




ഇനി നന്ദി
വാക്കുകൾ ഇല്ല.......
സ്നേഹം മാത്രം.......
കൂടെനാന്ന
ഓരോരുത്തരോടും.......
സമയബന്ധിതമായി തീർക്കാൻ
സഹകരിച്ചവരോട്......
സൃഷ്ടികൾ തന്ന് സഹായിച്ചവരോട്.......
പ്രധാനാധ്യാപികയോട്........
മറ്റ് അധ്യാപകരോട്.......
കൈറ്റ് മാസ്റ്റർ ട്രെയ്നറോട്......
സ്നേഹം മാത്രം......

-എഡിറ്റർ